# ജി എൽ പി എസ് കക്കോടി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26



Scanned with OKEN Scanner











Scanned with OKEN Scanner

സ്കൂളിന്റെ പേര് : ഗവ: എൽ പി സ്കൂൾ കക്കോടി.

വിദ്യാഭ്യാസ ഉപജില്ല: ചേവായൂർ

പഞ്ചായത്ത് : കക്കോടി

ബ്ലോക്ക് പഞ്ചായത്ത്: ചേളന്നൂർ

ജില്ല : കോഴിക്കോട്

പ്രധാന അധ്യാപിക : സനില പി

Scanned with OKEN Scanner

# ആമുഖം

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജി എൽ പി എസ് കക്കോടിയിൽ കുട്ടികളുടെ മികവാർന്ന പഠനത്തിനു അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹിക പിന്തുണയും വിദ്യാലയത്തിന് അനുകൂലമാണ്. പെൻഷൻ ഫോറം, രക്ഷിതാക്കൾ സന്നദ്ധപ്രവർത്തകർ ,എസ് എസ് ജി അംഗങ്ങൾ എസ്എംസി അംഗങ്ങൾ, അധ്യാപകർ, പിടിഎ എന്നിവർ വിദ്യാലയത്തെ മികവിലേക്ക് നയിക്കാനുള്ള തീവ്രശ്രമത്തിലാണ്.

നിലവിൽ ഒന്നു മുതൽ നാലു ക്ലാസുകളിൽ ആയി 47 കുട്ടികളും 5 അധ്യാപകരും ഉണ്ട്. പൂർവ്വ വിദ്യാർത്ഥികളുടെ ശ്രമഫലമായി നടത്തുന്ന പ്രീ പ്രൈമറിയിൽ 21 കുട്ടികളും രണ്ട് അധ്യാപകരും ഒരു ആയയും ഉണ്ട്. വിദ്യാലയ വികസന സമിതിയുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണത്തോടെ ജിഎൽപിഎസ് കക്കോടിയെ മുൻനിരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

Scanned with OKEN Scanner

# വിദ്യാലയ ചരിത്രം

ചരിത്രമുറങ്ങുന്ന കോഴിക്കോട് പട്ടണത്തിന്റെ തൊട്ടടുത്ത് കിടക്കുന്ന ഒരു ഗ്രാമമായ കക്കോടി യിലാണ് ജി എൽ പി സ്കൂൾ കക്കോടിസ്ഥിതി ചെയ്യുന്നത്. ടൈൽ പതിച്ച വിശാലമായ ക്ലാസ് മുറികൾ, ഫാൻ, ലൈറ്റ് ഇവയെല്ലാം ഉണ്ട്.വിഭവസമൃദ്ധമായ ഉച്ചഭക്ഷണ വിതരണം ഭംഗിയായി നടക്കുന്നുണ്ട്.നല്ല രീതിയിലുള്ള അധ്യാപക വിദ്യാർത്ഥി ബന്ധം, അധ്യാപക രക്ഷാകർത്ത് ബന്ധം,കർമ്മനിരതരായ പിടിഎ, എസ് എം സി, എസ് എസ് ജി എന്നിവരുടെ പ്രവർത്തനവും സഹകരണവും സ്കൂളിനെ മുന്നോട്ടു നയിക്കുന്നു.

എസ് എസ് എ പദ്ധതിയിൽ ഉൾപ്പെടുത്തി 4 ക്ലാസ് മുറികളും, ചുറ്റുമതിലുമുണ്ട്.പഴയ കെട്ടിടത്തിന്റെയും പുതിയ കെട്ടിടത്തിന്റെയും തറ ടൈൽ വിരിച്ചതാണ്. ആവശ്യത്തിനുള്ള ശൗചാലയങ്ങളും നിലവിലുണ്ട്.കുടിവെള്ളത്തിനായി കിണറും വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷനും നിലവിലുണ്ട്.കുട്ടികൾക്ക് കളിക്കാനായി വിശാലമായ മൈതാനം ഉണ്ട്. അതിന്റെ മുൻവശത്തായി പരിപാടികൾ നടത്താനായി ഒരു സ്റ്റേജ് ഉണ്ട്നിലവിൽ 4 ലാപ്ടോപ്പുകൾ സ്കൂളിലുണ്ട്

Scanned with OKEN Scanner

പാഠ്യപാഠേതരപ്രവർത്തനങ്ങളിലും, കലാപരവും കായികപരവുമായ പ്രവർത്തനങ്ങളിലും മുൻനിരയിലാണ് ജി എൽ പി സ്കൂൾ കക്കോടി.

Scanned with OKEN Scanner

# അവസ്ഥ പഠനം

പാഠ്യപദ്ധതി വിനിമയത്തിൽ ആരോഗ്യകായിക വിദ്യാഭ്യാസത്തിന് സ്കൂളിൽ പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടി നേടേണ്ട കായിക സാക്ഷരത നേടിയിട്ടുണ്ടോ എന്ന് നിരന്തര നിരീക്ഷണത്തിലൂടെ വിലയിരുത്തുന്നു. കുട്ടികളുടെ നിലവിലെ ആരോഗ്യ ക്ഷമത തിരിച്ചറിയുകയും, നിരന്തര നിരീക്ഷണത്തിലൂടെ കുട്ടിയുടെ സാമൂഹികവും മാനസികവും വൈകാരികവുമായ അവസ്ഥ തിരിച്ചറിയുകയും ചെയ്യുന്നു.സ്കൂൾ ഹെഡ്മിസ്ട്രസ് നിരന്തരം മോണിറ്ററിംഗ് പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ അതാത് സമയത്ത് നൽകുകയും ചെയ്യുന്നുണ്ട്. സ്കൂളിൽ ഹെൽത്ത് ചെക്കപ്പ്, സ്ക്രീനിങ് എന്നിവ കക്കോടി ഗ്രാമപഞ്ചായത്ത് ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ നടത്തുന്നു സ്കൂളിൽ ലഘു വ്യായാമങ്ങൾ, ജുമ്പ ഡാൻസ് എന്നിവ നടത്തുന്നുണ്ട്. കക്കോടി പഞ്ചായത്തല വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളിലേക്ക് ആവശ്യമായ സ്പോർട്സ് കിറ്റുകളും, ഫസ്റ്റ് എയ്ഡിലേക്ക് . ആവശ്യമായ സാധനങ്ങളും നൽകിയിട്ടുണ്ട്.

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യുന്നതിന് അധ്യാപകർ കുട്ടികളെ സ്വയം വിലയിരുത്തുകയും കുട്ടികൾ തമ്മിൽ പരസ്പരം വിലയിരുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയും അതിനാവശ്യമായ പ്രക്രിയ ബന്ധി തമായ ആസൂത്രണം നടത്തുകയും അധ്യാപിക ചെക്ക് ലിസ്റ്റോ ചോദ്യാവലിയോ ഉപയോഗിച്ച് സ്വയം വിലയിരുത്തുകയും ചെയ്യുന്നു. സ്കൂൾ അധ്യാപകർ നിരന്തരം ഗൃഹ സന്ദർശനം നടത്തുന്നുണ്ട്.സ്കൂളിൽ ഫുട്ബോൾ,എല്ലാ ഞായറാഴ്ചയും കരാട്ടെ പരിശീലനം,അബാക്കസ് പരിശീലനം,പ്രത്യേക പരിഗണന അർഹിക്കുന്ന മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ബിആർസിതലത്തിൽ പ്രത്യേക പരിശീലനവും നൽകിവരുന്നു.

Scanned with OKEN Scanner

## പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ സ്കൂളിൽ ലഭ്യമാണ്. അനുയോജ്യമായ ക്ലാസ് മുറികളും, അവസര സമത്വം, ക്ലാസ് മുറികളിലെ ജനാധിപത്യം,സ്വതന്ത്ര ചിന്ത, ലിംഗ സമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന ക്ലാസ് അന്തരീക്ഷവും സ്കൂളിന്റെ പ്രത്യേകതയാണ്. പാഠ്യപദ്ധതിക്ക് ആവശ്യമായ പഠനോപകരണങ്ങൾ സ്കൂളിൽ ലഭ്യമാണ്. ക്ലാസിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും സ്കൂളിൽ ലഭ്യമാണ്. കുട്ടികൾക്കാവശ്യമായ കളി സ്ഥലവും, കളി ഉപകരണങ്ങളും സ്കൂളിൽ ലഭ്യമാണ്.ജുമ്പ ഡാൻസ്, കരാട്ടെ പരിശീലനം, അബാക്കസ് ക്ലാസുകൾ, ഫുട്ബോൾ കോച്ചിംഗ് എന്നിവയും സ്കൂളിൽ ലഭ്യമാണ്. പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി സന്നദ്ധ സംഘടനകളുടെയും, എസ് എം സി അംഗങ്ങളുടെയും, എസ് ജി അംഗങ്ങളുടെയും, പിടിഎ ഭാരവാഹികളുടെയും ആത്മാർത്ഥ സമീപനങ്ങൾ ലഭിക്കുന്നുണ്ട്.

## അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. സ്വതന്ത്ര്യവും നിർഭയവുമായ അന്തരീക്ഷത്തിലാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ പോകുന്നതെന്നും, പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത ഉറപ്പുവരുത്തുകയും, ആവശ്യമായ പ്രാദേശിക വിഭവങ്ങൾ ലഭിക്കുന്നുണ്ടോ എന്നും അധ്യാപകർ വിലയിരുത്തേണ്ടതുണ്ട്.

പഠനാന്തരീക്ഷത്തിന് ആവശ്യമായ സാമൂഹിക പിന്തുണയും, അധ്യാപക രക്ഷാകർത്ത് ബന്ധവും അധ്യാപകർ ഉറപ്പാക്കേണ്ടതുണ്ട്.

Scanned with OKEN Scanner

## ഭൗതിക സാഹചര്യം

- പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ ക്ലാസ്സ് അന്തരീക്ഷമാണ്. കായിക പരിശീലനത്തിന് ആവശ്യമായ കളിസ്ഥലവും, കളി ഉപകരണങ്ങളും സ്കൂളിലുണ്ട്. മതിയായെണ്ണം ശുചീ മുറികളും ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകളും ഭിന്നശേഷി സൗഹൃദ ടോയ്ലറ്റുകളും സ്കൂളിലുണ്ട്. 8 യൂണിറ്റ് പെൺകുട്ടികളുടെ ടോയ്ലറ്റും, മൂന്ന യൂണിറ്റ് ആൺകുട്ടികളുടെ ടോയ്ലറ്റും സ്കൂളിലുണ്ട്. ശുദ്ധജല ലഭ്യതയ്ക്ക് ആവശ്യമായ കിണറും, ജപ്പാൻ കുടിവെള്ളവും സ്കൂളിൽ ലഭ്യമാണ്. ഭക്ഷണം തയ്യാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമായ അടുക്കള സ്കൂളിലുണ്ട്. വിദ്യാർത്ഥികൾക്ക് സ്കൂളിലേക്ക് എത്താൻ ആവശ്യമായ ഗതാഗതസൗകര്യവും സ്കൂളിൽ ലഭ്യമാണ്. പ്രധാന അധ്യാപക മുറിയുണ്ട്. സ്കൂളിന് വളരെ മനോഹരമാർന്ന ചുറ്റുമതിലുണ്ട്. ഭിന്നശേഷി വിദ്യാർഥികൾക്ക് ആവശ്യമായ റാമ്പ് വിത്ത് ഹാൻഡ് റെയിൽ സൗകര്യമുണ്ട്.

## മെച്ചപ്പെടേണ്ടത്

- സ്കൂളിൽ ലൈബ്രറി റൂം ആവശ്യമുണ്ട്. അധ്യാപകർക്ക് വിശ്രമിക്കാനുള്ള സ്റ്റാഫ് റൂം നിലവിൽ സ്കൂളിൽ ഇല്ല. സ്കൂളിലേക്ക് ബയോഗ്യാസ് പ്ലാന്റ് ആവശ്യമുണ്ട്. കായിക വിദ്യാഭ്യാസം പരിപോഷിപ്പിക്കുന്നതിന് സ്കൂളിലേക്ക് കായികാധ്യാപകരെ ആവശ്യമാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ എണ്ണം സ്കൂളിൽ കൂടുന്നതിനാൽ സ്കൂളിലേക്ക് ബിആർസി ട്രെയിനർമാരെയും ആവശ്യമാണ്. കുട്ടികൾക്ക് കൗൺസിലിംഗ്

നൽകുന്നതിന് അധ്യാപകരെയും ആവശ്യമുണ്ട്. ക്രാഫ്റ്റ് പരിശീലനത്തിന് ആവശ്യമായ അധ്യാപകരെയും ആവശ്യമുണ്ട്. പഴയ കെട്ടിടം പൊളിച്ച് പുതുക്കിപ്പണിയുകയാണെങ്കിൽ സ്കൂൾ മനോഹരമാവും. സ്കൂളിൽ ഇക്കോ പാർക്കും വയോജന പാർക്കും ആരംഭിക്കേണ്ടതുണ്ട്. അസംബ്ലി ഹാൾ, എല്ലാ ക്ലാസ് മുറികളിലും ഐസിടി അധിഷ്ഠിത പാഠം ഉറപ്പാക്കാൻ ആവശ്യമായ സജ്ജീകരണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

Scanned with OKEN Scanner

# സാമൂഹ്യ ഇടപെടലുകൾ

സാമൂഹ്യ ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങളാണ്, പിടിഎ, എസ്എംസി,മദർ പിടിഎ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, വിദ്യാലയ വികസന സമിതി, വിവിധ വകുപ്പുകളിലെ മെമ്പർമാർ, സന്നദ്ധ സംഘടനകൾ, പ്രാദേശിക വിദഗ്ധർ, കായിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന സംഘടനകൾ ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ ആയിട്ടുള്ള കായികതാരങ്ങൾ എന്നിവ. ഈ അംഗങ്ങളെല്ലാം തന്നെ സ്കൂളിന്റെ വികസനത്തിന് ആവശ്യമായ പിന്തുണ നൽകുന്നുണ്ട്.

സ്കൂളിൽ കായികാധ്യാപകൻ ഇല്ലാത്തതുകൊണ്ട് കായികപരമായ പ്രവർത്തികൾ വേണ്ടവോളം ചെയ്യുവാൻ കഴിയുന്നില്ല. ഇത് കുട്ടികളിൽ ആരോഗ്യപരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും ആവശ്യമായ ആളുകളില്ല. വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ എണ്ണം സ്കൂളിൽ കൂടുകയും, അവർക്ക് വേണ്ട സ്പെഷ്യൽ ശ്രദ്ധ കൊടുക്കാൻ ആവശ്യമായ അധ്യാപകൻ ഇല്ലാത്തതും സ്കൂളിന് ഒരു അപര്യാപ്തതയാണ്. ഇതിന് ബിആർസി ട്രെയിനറെ നിയമിക്കുകയാണെങ്കിൽ ഒരു പരിധിവരെ പ്രശ്നം പരിഹരിക്കാം. പ്രകൃതിദുരന്തങ്ങളായ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ സ്കൂൾ ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിക്കാറുണ്ട്. അവർക്ക് ആവശ്യമായ സൗകര്യങ്ങൾ അല്പം കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂളിൽ നായ ശല്യം വല്ലാതെ കൂടുതലാണ്. അത് വിദ്യാർത്ഥികൾക്ക് ഭയംഅനുഭവപ്പെടുന്നുണ്ട്.

Scanned with OKEN Scanner

# അധ്യാപകരുടെ എണ്ണം
# നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽക്കാലിക അധ്യാപകർ | മൂന്നുവർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ ഉള്ളവർ |
|---|---|---|---|---|
| LP | 5 | 5 | 0 | 1 |

Scanned with OKEN Scanner

# വിദ്യാലയം മികവിന്റെ കേന്ദ്രം

കാഴ്ചപ്പാട്

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗാത്മകവുമായ പരസ്പരം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്കുതവും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കാൻ കഴിയുക.
- അഞ്ചുവർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.
- വരുംകാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പഠനവും ബോധനവും ആഹ്ലാദകരമായി അനുഭവമാക്കുക.
- കുട്ടികളുടെ സർഗാത്മ ക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.
- സമ്പൂർണ്ണ ശുചിത്വ പ്ലാസ്റ്റിക് കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

Scanned with OKEN Scanner

- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

- തുല്യതക്കും ഗുണമേന്മയ്ക്കും ഊന്നൽ നൽകുക.
- സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം ഇംഗ്ലീഷ് ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കുക.
- കലാകായിക രംഗങ്ങളിൽ ഓരോ കുട്ടിക്കും അഭിരുചിക്കനുസരിച്ച് മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കും.
- പത്രവാർത്ത ക്വിസ് നടത്തി അറിവുകൾ വർധിപ്പിക്കുക.
- കായിക പരിശീലനങ്ങളായ ഫുട്ബോൾ,കരാട്ടെ എന്നിവയിൽ പരിശീലനം നൽകി മാനസികവും ശാരീരികവുമായ ഉന്മേഷം കുട്ടികൾക്ക് നൽകുന്നു.
- കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അബാക്കസ് പരിശീലനം നൽകുന്നു.
- ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിലും ഓരോ കുട്ടിക്കും കരിക്കുലം വിഭാവനം ചെയ്യുന്ന ആശയധാരണകൾ,ശേഷികൾ, മനോഭാവങ്ങൾ,മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇതിന്റെ ഭാഗമായി ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും നടത്തുന്നു.
- ഐസിടി സാധ്യതകൾ വികസിപ്പിക്കുന്നതിനായി കമ്പ്യൂട്ടർ ലാബ് സംവിധാനം ഒരുക്കണം.
- ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി.

- പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ,ദിനാചരണങ്ങൾ,ആഘോഷങ്ങൾ,ചരിത്രാന്വേഷണം, പ്രാദേശിക വിഭവ ഭൂപടം രൂപീകരിക്കൽ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ.
- വ്യക്തി ശുചിത്വ പ്രവർത്തനങ്ങൾ
- വിശ്രമസ്ഥലങ്ങൾ ആകർഷകവും സൗഹൃദവും ആക്കൽ.
- സർഗ ചുമരുകൾ പ്രായോഗികമാക്കാനുള്ള പദ്ധതികൾ.
- ഭിന്നശേഷി സൗഹാർദ്ദ വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ.
- കുട്ടികളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് കലാകായിക സാഹിത്യ അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
- ഇരിപ്പിടങ്ങൾ കളിയിടങ്ങളാൽ അലംകൃതമാക്കൽ.

Scanned with OKEN Scanner

| കാലഘട്ടം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|
| മെയ് | പിടിഎ എക്സിക്യൂട്ടീവ്, എസ് ആർ ജി, എസ് പി ജി, സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ സമിതി രൂപീകരണം, സ്കൂളിലെ അറ്റകുറ്റപ്പണികൾ, സ്കൂൾ ശുചീകരണം, സ്കൂൾ ദുരിതാശ്വാസ ക്യാമ്പിനായി സജ്ജീകരിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ, പഞ്ചായത്ത് തല സ്പോർട്സ് കിറ്റ് വിതരണം, യൂണിഫോം, പുസ്തകവിതരണം'. | പിടിഎ, എസ് എം സി അംഗങ്ങൾ, അധ്യാപകർ, സന്നദ്ധ സംഘടനകൾ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| ജൂൺ | പ്രവേശനോത്സവം, മൂല്യാധിഷ്ഠിത പഠനം, സന്നദ്ധത പ്രവർത്തനങ്ങൾ, പിന്നോക്കകാർക്കുള്ള പ്രത്യേക പരിശീലനത്തിനുള്ള സമഗ്ര രൂപരേഖ തയ്യാറാക്കൽ, ഐഇഡി സർവ്വേ, വായനദിനം, പരിസ്ഥിതി ദിനം, മധുരം മലയാളം പദ്ധതി, ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്, പിടിഎ ജനറൽബോഡി, സുംബാ പരിശീലനം, കരാട്ടെ പരിശീലനം, അബാക്കസ് ക്ലാസ്സ്, വിവിധ ക്ലബ്ബ് രൂപീകരണം, പാട്ട് അരങ്ങ്, വീട്ടിൽ ഒരു വായനക്കൂട്. യോഗ ക്ലാസ് | പിടിഎ, എസ് എം സി അംഗങ്ങൾ, അധ്യാപകർ, സന്നദ്ധ സംഘടനകൾ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| ജൂലൈ | സചിത്ര ഡയറി, കുഞ്ഞെഴുത്ത്, സംയുക്ത ഡയറി | പിടിഎ, എസ് എം സി, അധ്യാപകർ. | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | ക്ലാസ് പിടിഎയിൽ അവതരണം, എസ് ആർ ജി,ബഷീർ ദിനാചരണം, ചാന്ദ്രദിനം,ഫീൽഡ് ട്രിപ്പ്, നേച്ചർ വാക്ക്,~~സ്കൂൾ ലീഡർ തിരഞ്ഞെ~~ടുപ്പ്, സുംബാ പരിശീലനം, കരാട്ടെ പരിശീലനം, അബാക്കസ് പരിശീലനം, കടങ്കഥ കേളി | | |
| ആഗസ്റ്റ് | പിടിഎ എക്സിക്യൂട്ടീവ്, ക്ലാസ് പിടിഎ, സ്വാതന്ത്ര്യദിനാഘോഷം, ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാം, സ്കൂൾ ശാസ്ത്രമേള, ഗൃഹ സന്ദർശനം ആരംഭം, ക്ലീനിങ് സ്കോട് പ്രവർത്തനങ്ങൾ, കരാട്ടെ പരിശീലനം, അബാക്കസ് പരിശീലനം, സുംബാ ഡാൻസ്, പ്രവർത്തിപരിചയ ശില്പശാല. | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| സെപ്റ്റംബർ | പിടിഎ എക്സിക്യൂട്ടീവ്, ക്ലാസ് പിടിഎ, ശുചീകരണം, ഓണാഘോഷം, സാഹിത്യ സമാജം, പ്രവർത്തി പരിചയ ശില്പശാല , നാടകക്യാമ്പ് | പിടിഎ, എസ് എം സി, അധ്യാപകർ, | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| ഒക്ടോബർ | എസ് ആർ ജി, പിടിഎ എക്സിക്യൂട്ടീവ്, പൂക്കുട (ആകാശവാണി), ശുചിത്വം ക്ലീനിങ് പ്രവർത്തനം, സംഗീത ശില്പശാല, ഫീൽഡ് ട്രിപ്പ് ഫീൽഡ് ട്രിപ്പ്, ലൈബ്രറി സന്ദർശനം | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| നവംബർ | പിടിഎ എക്സിക്യൂട്ടീവ്, എസ് ആർ ജി, ക്ലാസ് പിടിഎ, ശുചിത്വം, | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| | ഫീൽഡ് ട്രിപ്പ്( മൺപാത്ര നിർമ്മാണം), പാർക്കിൽ ലൈബ്രറി കോർണർ ഒരുക്കൽ, Lss പരിശീലനം | | |
| ഡിസംബർ | പിടിഎ എക്സിക്യൂട്ടീവ്, ക്ലാസ് പിടിഎ, എസ് ആർ ജി, ക്രിസ്തുമസ് ആഘോഷം, പനാമ സോപ്പ് സന്ദർശനം ഫീൽഡ് ട്രിപ്പ്, | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| ജനുവരി | പിടിഎ എക്സിക്യൂട്ടീവ് ,ക്ലാസ് പിടിഎ, പ്രീ പ്രൈമറി അഡ്മിഷൻ ,നാടക കളരി പരിശീലനം, എൽഎസ്എസ് പരിശീലനം, റിപ്പബ്ലിക് ദിനം, ന്യൂ ഇയർ ആഘോഷം, ആശാൻ അനുസ്മരണം, പഠനയാത്ര. | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| ഫെബ്രുവരി | എസ് ആർ ജി, ക്ലാസ് പിടിഎ, ശുചീകരണം ,എൽ എസ് എസ് പരിശീലനം, ദേശീയ ശാസ്ത്രദിനം ,തണ്ണീർത്തട സന്ദർശനം. | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| മാർച്ച് | എസ് ആർ ജി, പിടിഎ എക്സിക്യൂട്ടീവ് ,പഠനോത്സവം ,വാർഷികാഘോഷം, ഗൃഹ സന്ദർശനം. | പിടിഎ, അധ്യാപകർ | വിദ്യാലയ വികസന സമിതി, പൂർവവിദ്യാർത്ഥികൾ, സ്പോൺസർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

Scanned with OKEN Scanner